# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2653** | **09/03/2017** -ലെ മറുപടി

# വാട്ടർ അതോറിറ്റിക്ക് കുടിശ്ശിക ഇനത്തിൽ ലഭിക്കേണ്ട തുക

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി.അയിഷാ പോറ്റി | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വാട്ടർ അതോറിറ്റിക്ക് കുടിശ്ശിക ഇനത്തിൽ ലഭിക്കേണ്ട എത്ര തുക സമാഹരിക്കാൻ സാധിച്ചു എന്ന് വിശദമാക്കുമോ; | (എ) 99.89 കോടി രൂപ . |
| (ബി) കുടിശ്ശിക സമാഹരണത്തിനായി വാട്ടർ അതോറിറ്റിയിൽ പ്രത്യേക ക്രമീകരണങ്ങൾ നടത്തിയിരുന്നോ; വിശദാംശങ്ങൾ നൽകുമോ? | (ബി) കുടിശ്ശിക സമാഹരണത്തിനായി വാട്ടർ അതോറിറ്റിയിൽ പ്രത്യേക ക്രമീകരണങ്ങൾ നടത്തിയിരുന്നു. ഗവൺമെൻറ് അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തീർപ്പാക്കുന്നതിനുള്ള അധികാരം എല്ലാ ഡിവിഷനുകളിലും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകി. കുടിശ്ശിക പിരിച്ചെടുക്കാൻ ഡിമാൻറ് നോട്ടീസ്, ഡിസ്കണക്ഷൻ നോട്ടീസ് എന്നിവ കേരള വാട്ടർ അതോറിറ്റി നൽകുകയും, കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളിൽ റവന്യൂ ഓഫീസർ നേരിട്ട് പോയി കുടിശ്ശിക പിരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കുടിശ്ശിക തവണകളായിട്ട് അടയ്ക്കുവാനുള്ള സൗകര്യം ചെയ്തു കൊടുക്കുകയും ഉപഭോക്താക്കളുടെ സൗകര്യാർത്ഥം കളക്ഷൻ ക്യാംപെയ്നുകൾ സംഘടിപ്പിച്ച് കുടിശ്ശിക നിവാരണം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. നിലവിലുള്ള ഉത്തരവ് അനുസരിച്ച് കുടിശ്ശിക തവണകളാക്കി അടച്ചു തീർക്കാൻ ഉപഭോക്താക്കളെ അനുവദിക്കുന്നു. കൂടാതെ സർക്കാർ മേഖലയിലെ |

JSK/

കുടിശ്ശികകൾ ബന്ധപ്പെട്ട വകുപ്പ് മേധാവികളുടെ ശ്രദ്ധയിൽപ്പെടുത്തി പിരിച്ചെടുക്കാൻ ശ്രമിക്കുന്നുണ്ട്. പത്രമാധ്യമങ്ങളിലൂടെ ഉപഭോക്താക്കൾക്ക് അറിയിപ്പ് നൽകുകയും റവന്യൂ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് സ്ക്വാഡ് തിരിച്ച് കുടിശ്ശിക പിരിക്കാനുള്ള ഊർജ്ജിത ശ്രമങ്ങൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ

JSK/